"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ സർവ്വേ നമ്പർ 161/1 ൽ ഉൾപ്പെട്ടു വരുന്ന 50 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിക്കൊണ്ട് സെൻട്രൽ ഇന്റലിജൻസ് ബ്യൂറോയ്ക്ക് ഉപയോഗാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എ) വകുപ്പ്**

സ.ഉ.(കൈ) നം.62/2024/RD തീയതി,തിരുവനന്തപുരം, 13-03-2024

---

പരാമർശം:-

1. ഇടുക്കി ഡെവലപ്മെന്റ് അതോറിറ്റി സെക്രട്ടറിയുടെ 27.08.1998 ലെ T/155/98 നം നടപടിക്രമം.
2. ഇടുക്കി ജില്ലാ കളക്ടറുടെ 10.05.2023 ലെ DCIDK/2562/2023-C9 നം കത്ത്.
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 30.10.2023 ലെ LR/9230/2023-LR(K2) നം കത്ത്.

**ഉത്തരവ്**

ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ സർവ്വേ നമ്പർ 161/1 ൽ ഉൾപ്പെട്ടു വരുന്ന 50 സെന്റ് ഭൂമി ഇന്ത്യൻ പ്രസിഡന്റിന്റെ പേരിൽ ടൈറ്റിൽ ആക്കി ലഭിക്കുന്നതിനായി അസിസ്റ്റന്റ് ഡയറക്ടർ,എസ്.ഐ.ബി ഇടുക്കി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. മേൽ വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം പ്രസ്തുത ഭൂമിയിൽ ഓഫീസും ക്വാർട്ടേഴ്സുകളും നിർമ്മിക്കുന്നതിനായി പരാമർശം (1) പ്രകാരം സെൻട്രൽ ഇന്റലിജൻസ് ബ്യൂറോയ്ക്ക് അഡ്വാൻസ് പൊസഷൻ നൽകിയിരുന്നു എന്നും പ്രസ്തുത ഭൂമി വ്യക്തമായ അതിർത്തി തിരിച്ച് സെൻട്രൽ ഇന്റലിജൻസ് ബ്യൂറോ തർക്കരഹിതമായി കൈവശം വച്ച് വരുന്നു എന്നും ടി സ്ഥലത്തിന്റെ വടക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഇരുനിലകളുള്ള കെട്ടിടം ഇന്റലിജൻസ് ബ്യൂറോയുടെ ഓഫീസും ക്വാർട്ടേഴ്സും ആയി ഉപയോഗിച്ചു വരുന്നതായും റവന്യൂ വകുപ്പ് മുഖേന സർക്കാർ സേവന വകുപ്പുകൾക്കോ നിലവിലുള്ള കമ്പോള വില ഈടാക്കാതെ സംസ്ഥാന കേന്ദ്ര സർക്കാരുകൾക്കോ ഭൂമി കൈമാറുമ്പോൾ ഭൂമിയുടെ

ഉപയോഗവും കൈവശാനുഭവവും മാത്രമാണ് കൈമാറ്റം ചെയ്യപ്പെടുന്നതെന്നും ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നതാണെന്നും എന്നും ആകയാൽ അപേക്ഷാഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി സെൻട്രൽ ഇന്റലിജൻസ് ബ്യൂറോയ്ക്ക് ഉപയോഗാനുമതി നൽകാവുന്നതാണെന്നും അറിയിച്ചിരുന്നു.

2. മേൽ സാഹചര്യത്തിൽ ഇടുക്കി താലൂക്കിൽ ഇടുക്കി വില്ലേജിൽ സർവ്വേ നമ്പർ 161/1 ൽ ഉൾപ്പെട്ടു വരുന്ന 50 സെന്റ് (0.2023ഹെക്ടർ) ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി സെൻട്രൽ ഇന്റലിജൻസ് ബ്യൂറോയ്ക്ക് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. റവന്യൂ രേഖകളിൽ റിമാർക്സ് കോളത്തിൽ 'ഇന്ത്യ ഗവൺമെന്റിന്റെ കൈവശം' എന്ന് രേഖപ്പെടുത്തുന്നതിന് വേണ്ട നിയമാനുസൃത നടപടികൾ ഇടുക്കി ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
INDU G I
അണ്ടർ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം
ജില്ലാ കളക്ടർ, ഇടുക്കി
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ),കേരള, തിരുവനന്തപുരം
അസിസ്റ്റന്റ് ഡയറക്ടർ, എസ്.ഐ.ബി,തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ)വകുപ്പ്
കരുതൽ ഫയൽ (എ2/187/2023)

ഉത്തരവിൻ പ്രകാരം
Signed by
Sureshkumar K
സെക്ഷൻ ഓഫീസർ
Date: 15-03-2024 12:13:21